

# സ്രഷ്ടാവായ ദൈവം

1

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി.

പാഠം 12

# കുഞ്ഞുങ്ങളെ സ്നേഹിക്കുന്ന ഈശോ



തലയിൽ കൈവച്ചു പ്രാർത്ഥിക്കുന്നതിനായി അമ്മമാർ കുഞ്ഞുങ്ങളെ ഈശോയുടെ പക്കൽ കൊുവന്നു.ശിഷ്യൻമാർ അവരെ തടഞ്ഞു ഈശോ പറഞ്ഞു, **ശിശുക്കൾ എന്റെ അടുത്തു വരുവാൻ അനുവദിക്കുവിൻ. അവരെ തടയരുത് എന്തെന്നാൽ ദൈവരാജ്യം അവരെപ്പോലെയുള്ള വരുടേതാ ണ്.**

ലൂക്കാ18.16

## ഈശോയുടെ അടുത്തു ചെന്ന കുഞ്ഞുങ്ങളുടെ തലയിൽ കൈവച്ച് അവിടുന്ന് അവരെ അനുഗ്രഹിച്ചു



# നമുക്കു പാടാം



സ്നേഹസ്വരൂപനാം  എന്റെ ഈശോ

കുഞ്ഞുങ്ങളാം ഞങ്ങളിതാ

നിൻതിരുപാദേയണഞ്ഞിടുന്നു

തന്നാലും നിൻ ആശിസുകൾ.

പൈതങ്ങൾ എൻ പക്കൽ വന്നീടട്ടെ

എൻ പക്കൽ വന്നു വസിച്ചീടട്ടെ

എന്നിൽ നിന്നെല്ലാം പഠിച്ചീടട്ടെ

നന്മകൾ നേടി വളർന്നീടട്ടെ.

# ഈശോയുടെ അനുഗ്രഹം സ്വീകരിക്കുന്ന കുട്ടികൾ



ഈശോയ്ക്ക് കുഞ്ഞുങ്ങളോട് എന്തു സ്നേഹമാണ്. എല്ലാ കുഞ്ഞുങ്ങളെയും ഈശോ സ്നേഹിക്കുന്നു .

ഈശോ എന്നെയും സ്നേഹിക്കുന്നു. എന്നെ അനുഗ്രഹിക്കുന്നു. ഞാൻ എപ്പോഴും ഈശോയുടെ അരികിലേയ്ക്ക് ഓടിച്ചെല്ലും



# കൈകൾ കൂപ്പാം

കുഞ്ഞുങ്ങളെ അനുഗ്രഹിക്കുന്ന ഈശോയേ,

ഞാൻ അങ്ങയെ സ്നേഹിക്കുന്നു.



# നമുക്കു പാടാം



കുഞ്ഞുമനസ്സിൻ നൊമ്പരങ്ങൾ
ഒപ്പിയെടുക്കാൻ വന്നവനാം
ഈശോയേ ഈശോയേ
ആശ്വാസം നീയല്ലോ.

കുഞ്ഞായ് വന്നു പിറന്നവൻ
കുഞ്ഞുങ്ങളാകാൻ പറഞ്ഞവൻ
സ്വർഗത്തി ൽ ഒരു പൂന്തോട്ടം
നല്ല കുഞ്ഞുങ്ങൾക്കായി തീർത്തവനേ
നീ വരൂ നീ വരൂ പൂന്തിങ്കളായ്
നീ വരൂ നീ വരൂ പൂന്തെന്നലായ്.

# മനഃപാഠമാക്കാം

'ശിശുക്കൾ എന്റെ അടുത്തു വരുവാൻ അനുവദിക്കുവിൻ; അവരെ തടയരുത്."

ലൂക്കാ 18: 16

# ബോധ്യങ്ങൾ

* എല്ലാ കുഞ്ഞുങ്ങളെയും ഈശോ സ്നേഹിക്കുന്നു.

* ഈശോയുടെ അടുത്തു ചെല്ലുന്ന എല്ലാവരേയും ഈശോ അനുഗ്രഹിക്കുന്നു.



# മനോഭാവങ്ങൾ

* എന്നെ സ്നേഹിക്കുന്ന ഈശോയെ ഞാനും സ്നേഹിക്കും.



# ശീലങ്ങൾ

* ഈശോയുടെ രൂപത്തിനു മുമ്പിൽ ഞാനും എന്നും പൂക്കൾ അർപ്പിക്കും.




THANK
YOU